**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3686** **09-10-2025 - ൽ മറുപടിയ്ക്ക്**

**മുണ്ടേരി സീഡ് ഫാമിനെ ഫാം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആര്യാടൻ ഷൗക്കത്ത് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | 505 ഹെക്ടർ വിസ്തൃതിയുള്ള മുണ്ടേരി സീഡ് ഫാമിന്റെ എത്ര സ്ഥലമാണ് നിലവിൽ കൃഷി ചെയ്യുവാനായി ഉപയോഗപ്പെടുത്തുന്നതെന്ന് അറിയിക്കാമോ; ഫാമിന്റെ അവശേഷിക്കുന്ന പ്രദേശത്തേക്കുകൂടി കൃഷി വ്യാപിപ്പിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; | (എ) | 505 ഹെക്ടർ വിസ്തൃതിയിലുള്ള മുണ്ടേരി സീഡ് ഫാമിന്റെ 480 ഹെക്ടർ സ്ഥലത്ത് നിലവിൽ കൃഷി ചെയ്തുവരുന്നു. ബാക്കിയുള്ള 25 ഹെക്ടറിൽ കെട്ടിടങ്ങളും റോഡുകളുമാണുള്ളത്. നിലവിൽ ഫാമിലെ കൃഷിയോഗ്യമായ ഭൂമിയിൽ മുഴുവനായും കാർഷിക വിളകൾ കൃഷി ചെയ്തു വരുന്നു. |
| (ബി) | ചാലിയാർ പുഴയുടെ ഓരത്ത് പശ്ചിമഘട്ട മലനിരകളാൽ ചുറ്റപ്പെട്ട മനോഹരമായ കാർഷിക ഭൂപ്രകൃതിയും ഫാം ഹൗസുകളുടെ ലഭ്യതയുമുള്ള മുണ്ടേരി സീഡ് ഫാമിനെ ഫാം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തി വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ? | (ബി) | മുണ്ടേരി വിത്തുകൃഷിത്തോട്ടത്തിൽ ഫാം ടൂറിസത്തിന്റെ ഭാഗമായി 2023 മുതൽ 'നിറവ്' എന്ന പേരിൽ ഫാം ഫെസ്റ്റ് നടത്തിവരുന്നു.<br><br>2023-24 ലെ നിറവ് പ്രോഗ്രാമിൽ കാർഷികേതര വരുമാനമായി ലഭ്യമായ ₹2,10,830/-(രണ്ടുലക്ഷത്തി പതിനായിരത്തി എണ്ണൂറ്റി മുപ്പത് രൂപ മാത്രം) രൂപയിൽ ₹1,95,721/- (ഒരു ലക്ഷത്തി തൊണ്ണൂറ്റി അയ്യായിരത്തി എഴുന്നൂറ്റി ഇരുപത്തിയൊന്ന് രൂപ മാത്രം) രൂപ ചെലവഴിച്ച് ബാക്കി വന്ന ₹15,109/- (പതിനഞ്ചായിരത്തി ഒരുനൂറ്റിയൊൻപത് രൂപ മാത്രം) രൂപ സർക്കാരിലേക്ക് അടവാക്കുകയും ചെയ്തു. കൂടാതെ ₹5 ലക്ഷം രൂപയുടെ നടീൽ വസ്തുക്കളുടെ വിറ്റുവരവും സർക്കാരിലേക്ക് അടവാക്കി.<br><br>നിറവ് 2024-25 ൽ ഫാം ഉത്പന്നങ്ങളുടെ / നടീൽ വസ്തുക്കളുടെ വിറ്റുവരവായി ₹9,63,778/-(ഒൻപത് ലക്ഷത്തി അറുപത്തിമൂവായിരത്തി എഴുന്നൂറ്റി എഴുപത്തിയെട്ട് രൂപ മാത്രം) രൂപയും ടിക്കറ്റ് ചാർജ്, സ്റ്റാൾ വാടക, ട്രക്കിംഗ് ചാർജ് തുടങ്ങിയ ഇനങ്ങളിൽനിന്നായി ₹6,18,808/ (ആറുലക്ഷത്തി പതിനെട്ടായിരത്തി എണ്ണൂറ്റിയെട്ട് രൂപ മാത്രം) രൂപയും കൂടി ആകെ ₹15,82,586/-(പതിനഞ്ച് ലക്ഷത്തി എൺപത്തി രണ്ടായിരത്തി അഞ്ഞൂറ്റി എൺപത്തി ആറ് രൂപ മാത്രം) രൂപ വരവ് ലഭിച്ചു. 9 ദിവസങ്ങളിലായി നടത്തിയ 'നിറവ് 2025' പ്രോഗ്രാമിന് വേണ്ടി ആകെ വന്ന ചെലവ് |

| | | | |
|---|---|---|---|
| | | | ₹2,76,902/-(രണ്ടുലക്ഷത്തി എഴുപത്തിയാറായിരത്തി തൊള്ളായിരത്തി രണ്ടു രൂപ മാത്രം) രൂപയാണ്.<br><br>നിറവ് 2025 -26 ഈ വർഷം ഡിസംബർ ജനുവരി മാസങ്ങളിലായി നടത്താൻ തീരുമാനിച്ചിട്ടുണ്ട് . |

സെക്ഷൻ ഓഫീസർ